2605/2016/(ഡി)

2/3075

കേരള സർക്കാർ

സംഗ്രഹം

D (ഡി)

ഊർജ്ജ വകുപ്പ് - അംഗൻവാടികൾക്ക് വൈദ്യുത കണക്ഷൻ നൽകുന്നതിന് കെട്ടിട നമ്പർ വേണമെന്ന വ്യവസ്ഥ ഒഴിവാക്കണമെന്ന കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഊർജ്ജ (ബി) വകുപ്പ്

സ. ഉ (സാധാ) നം.**105/20**16/ഊ.വ തിരുവനന്തപുരം, തീയതി 21/05/2016.

---

പരാമർശം:- സി.ആർ.എം.പി. 798/11/എൽ .എ 2/2016 നമ്പർ കേസിൽ കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ 21/04/2016-ലെ ഉത്തരവ്.

ഉത്തരവ്

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് കെട്ടിട നമ്പർ ഹാജരാക്കണമെന്ന നിലവിലുള്ള വ്യവസ്ഥ ഒഴിവാക്കി സാമൂഹ്യ നീതി വകുപ്പ് ഓഫീസറുടെയോ അദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥന്റെയോ ബോണ്ടിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഉത്തരവ് പുറപ്പെടു വിക്കുന്നതിന് കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ പരാമർശ ഉത്തരവിൽ നിർദ്ദേശി ച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ ഇനിയും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്തതും, കെട്ടിട നമ്പർ ഇല്ലാത്തതുമായ അംഗൻവാടികൾക്ക് ടി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കാലയളവിൽ മാത്രമായി സാമൂഹ്യനീതി വകുപ്പ് ഓഫീസറുടെയോ അദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥന്റെയോ ബോണ്ടിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കുവാൻ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ പരാമർശം ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പിലാക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

സി. അനിൽകുമാർ,

അണ്ടർ സെക്രട്ടറി.

To

രജിസ്ട്രാർ , കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, പട്ടം, തിരുവനന്തപുരം.

സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, പട്ടം, തിരുവനന്തപുരം.

ഡയറക്ടർ , (വിതരണം) , കെ.എസ്.ഇ.ബി, പട്ടം, തിരുവനന്തപുരം.

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ